ND. C. 21/17, dt. 4.7.17

## യുവജനദിനം 2017 4 .7.2017

### ജൂലൈ 9, ഞായർ

കർത്താവിൽ പ്രിയമുള്ള യുവജനങ്ങളേ, സഹോദരീസഹോദരന്മാരേ!

ഒരു യുവജനദിനം കൂടി നാം ആഘോഷിക്കുകയാണ്. ഈ ആചരണം യുവതീ യുവാക്കളുടെ വിശ്വാസത്തിന്റെ ആഘോഷം തന്നെയാണ്. സ്വാതന്ത്ര്യം അഭിലഷിക്കുന്ന യുവജനം പ്രതീക്ഷകളിൽ നിന്നു യാഥാർത്ഥ്യങ്ങളിലേക്കുള്ള ദീർഘദൂരം ഗതിവേഗതയോടെ താുമ്പോൾ അവർക്കു സംഭവിക്കുന്ന സാരമായ നഷ്ടങ്ങൾ പരിഹരിക്കാൻ സഹായിക്കുന്ന ഇത്തരം യാത്രയ്ക്കിടയിൽ സംഭവിച്ച ചില നഷ്ടങ്ങളു്. ഈ നഷ്ടങ്ങൾ പരിഹരിക്കാൻ സഹായിക്കുന്ന ചില ചിന്തകളാണ് പരിശുദ്ധ ഫ്രാൻസീസ് മാർപാപ്പ 2018 ഒക്ടോബറിൽ നടക്കാനിരിക്കുന്ന മെത്രാന്മാരുടെ സിനഡിന്റെ 15-ാം സാധാരണ പൊതുസമ്മേളനത്തിനു വേിയുള്ള ഒരുക്കരേഖയിൽ പങ്കുവയ്ക്കുന്നത്.

മൂന്നു തലത്തിലുള്ള നിർദ്ദേശങ്ങളാണ് തയ്യാറെടുപ്പുരേഖയിൽ സൂചിപ്പിച്ചിട്ടുള്ളത്. ഒന്നാമതായി യുവജനങ്ങൾ വളരുകയും, അവർ തീരുമാനങ്ങൾ എടുക്കുകയും ചെയ്യുന്ന ലോകത്തിന്റെ സാമൂഹികവും സാംസ്കാരികവുമായ ചില സ്വയംചാലകപ്രവർത്തനങ്ങളുടെ സംഗ്രഹം. രാമതായി, യുവജനങ്ങൾക്ക് വിശ്വാസത്തിന്റെ വെളിച്ചത്തിൽ തങ്ങളുടെ ജീവിതാന്തസ്സ് തിരഞ്ഞെടുക്കാൻ സഹായിക്കുന്ന ചില ചുവടുവയ്പുകൾ. അവസാനമായി, യുവജനങ്ങൾക്കുവേ ിയുള്ള അജപാലനപരവും വിളിപരവുമായ പദ്ധതിയുടെ മുഖ്യഘടകങ്ങൾ.

**1. ആധുനിക ലോകത്തിലെ യുവജനങ്ങൾ**

സഭയുടെ യുവത്വം അതിലെ യുവജനങ്ങളാണ്. ക്രിസ്തുവിന്റെ ഹൃദയം സ്വന്തമാക്കിയവർക്കേ ദൈവസ്നേഹത്തിന്റെ യുവജന സാക്ഷികളായി സഭയുടെ യുവത്വം നിലനിർത്താനാകൂ. യുവജനങ്ങൾ വിശ്വാസതത്പരതയിലും ദൈവസ്നേഹതീക്ഷ്ണതയിലും വളരണം. ധാർമിക സമഗ്രതയുള്ള യുവജനങ്ങൾ സഭയിലും സമൂഹത്തിലും ഉാവണം. എന്നാൽ ലോകത്തെ പിടികൂടിയിട്ടുള്ള ആധ്യാത്മികവും, സാംസ്കാരികവും ധാർമികവുമായ ജീർണതയുടെ ആദ്യത്തെ ഇരകൾ ഇന്നത്തെ യുവജനങ്ങളാണ്. ജീവിതത്തെ വളരെ നിസ്സാരമായി കരുതി ജീവിക്കുന്നവരാണ് ഇന്നത്തെ യുവജനങ്ങൾ എന്ന പ്രതീതി ഉാകുന്നു. യുവജനങ്ങളുടെ ഇടയിലെ ആത്മീയ നിർജ്ജീവത്വവും മൂല്യശോഷണവും അപകടപൂർണമായി വർധിക്കുന്നു. പണത്തിന്റെ ലഭ്യതയും ആഢംബരജീവിതഭ്രമവും നവമാധ്യമ സ്വാധീനവും ആധുനിക ലോകത്തിലെ യുവജനങ്ങളെ വഴിതെറ്റിക്കുന്നു. തിന്മയിലേക്ക് ചാഞ്ഞിരിക്കുന്ന ലോകത്തെ നന്മയിലേക്ക് നയിക്കാൻ യുവജനങ്ങൾക്ക് കഴിയണം. അതിനായി യുവജനങ്ങൾ യേശു സ്നേഹത്തിന്റെയും കരുണയുടെയും പ്രയോക്താക്കളായി മാറണം.

**2. വിശ്വാസവും വിളിയും**

ക്രിസ്തീയ ജീവിതം വിശ്വാസത്തിലൂന്നിയ ജീവിതമാണ്. യേശു കതുപോലെ കാര്യങ്ങളെ കാണുകയെന്നതാണ് വിശ്വാസം (Lumen Fidei 18). വിളിപരമായ വിവേചിച്ചറിയലിന്റെ ഉറവിടം വിശ്വാസമാണ്. അങ്ങനെ വിശ്വാസവും വിളിയും തമ്മിൽ ഗാഢമായി ബന്ധപ്പെട്ടിരിക്കുന്നു. അബ്രഹാമിന്റെ ആഴമായ വിശ്വാസത്തിൽനിന്നാണ് അവന് വിളി ലഭിച്ചത്. ആ വിളിയിൽ ശ്രദ്ധേയമായ ഒരു വാഗ്ദാനം നാം കാണണം. ''നിന്നെ ഞാൻ അനുഗ്രഹിക്കും... നീ ഒരനുഗ്രഹമായിരിക്കും'' (ഉത്പ 12:2-3). യുവജനങ്ങൾ ദൈവത്തിന്റെ അനുഗ്രഹം പ്രാപിച്ച് സമൂഹത്തിന് അനുഗ്രഹമായി മാറണം.

വിശ്വാസം ഭീരുവിനുള്ള അഭയകേന്ദ്രമല്ല. മറിച്ച് ഹൃദയങ്ങളെ ഉദ്ദീപിപ്പിക്കുന്ന ശക്തിയാണ്. വിശ്വാസം എന്നത് വഴിയും സത്യവും ജീവനുമായ (യോഹ 14:6) ദൈവത്തോട് സംവദിക്കുക എന്നതാണ്. അത് ദൈവവചനത്തിന്റെ സന്തോഷം അനുദിനജീവിതത്തിൽ അനുഭവിച്ചുകൊ് വിശ്വാസബോധ്യത്തിൽ വളരുന്നതാണ്. ഈ സംവാദം നടക്കുന്ന സ്ഥലം മനസ്സാക്ഷിയാണ്. രാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നതുപോലെ മനസ്സാക്ഷി മനുഷ്യന്റെ ഏറ്റവും രഹസ്യാത്മകമായ ശ്രീകോവിലാണ്.

(Gaudium et Spes-16). നമ്മുടെ ജീവിതത്തിന് മഹത്തരമായ ലക്ഷ്യം നല്കുന്ന വിളികളെ നാം തിരിച്ചറിയുന്നത് ചില ഉൾപ്രചോദനത്തിൽ നിന്നുമാണ്. എല്ലാ വിളികളും പൂർണതയിലേക്കുള്ള വിളിയാണ്. ''എന്റെ സ്വർഗസ്ഥനായ പിതാവ് പരിപൂർണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണരായിരിക്കുവിൻ'' (മത്താ.5/45) പരിപൂർണ്ണത എന്നു പറയുന്നത് സ്നേഹത്തിന്റെ തികവാണ്. അതായത്, എല്ലാ വിളിയും ദൈവസ്നേഹത്തിലേക്ക് അടുക്കാനുള്ള ക്ഷണമാണ്. ദൈവവും മനുഷ്യനുമായുള്ള സ്നേഹബന്ധം ഒരു വലിയ രഹസ്യമാണ്. ഈ രഹസ്യം ഉൾവിളിയോട് പൂർണമായ വിശ്വസ്തത പുലർത്തി കടലോളം കാരുണ്യമുള്ളവരായി ജീവിക്കാൻ സഹായിക്കുന്നു. രഹസ്യാത്മകത ഉൾക്കൊള്ളുന്ന ഈ സ്നേഹബന്ധമാണ് മദർ തെരേസയെ ലോകത്തിന്റെ അമ്മയും വിശുദ്ധയുമാക്കി മാറ്റിയത്. വിശ്വാസം വിശുദ്ധീകരണത്തിനും വിളി ദൗത്യത്തിനുമാണ്.

യുവജനങ്ങളുടെ ബന്ധങ്ങളും സൗഹൃദങ്ങളും ഓൺലൈൻ ആയിക്കഴിഞ്ഞിരിക്കുന്നു. പരസ്പര സാമീപ്യം ആവശ്യമില്ലാത്ത ഇലക്ട്രോണിക് ബന്ധങ്ങൾ! മറ്റുള്ളവരുടെ ഇഷ്ടങ്ങൾക്കും (Likes) അഭിപ്രായങ്ങൾക്കും (Comments) പ്രാധാന്യം നല്കി സ്വന്തം ജീവിതത്തെ ക്രമീകരിക്കാൻ ബദ്ധപ്പെടുന്ന യുവജനങ്ങള്. സാമൂഹിക മാധ്യമങ്ങൾ തീർക്കുന്ന സ്വപ്നലോകത്ത് അന്യോന്യബന്ധമില്ലാതെ ജീവിക്കാൻ ആഗ്രഹിക്കുന്ന യുവ സുഹൃത്തുക്കൾക്ക് വിശ്വാസത്തെയും വിളിയെയും ഗാഢമായി ബന്ധപ്പെടുത്തി ജീവിക്കാനോ അതിന് പ്രത്യുത്തരം നല്കാനോ പ്രയാസമാണ്, ഇത്തരം യുവജനങ്ങൾ ജീവിതം പാതിവഴിയിൽ വേർപെട്ടവരായി മാറുന്നു. മനുഷ്യൻ ഏറ്റവും മോശമായത് ചെയ്യുവാൻ കഴിവുള്ളനായിരിക്കുമ്പോൾത്തന്നെ നന്മയെ വീും തിരഞ്ഞെടുത്തുകൊും പുതുതായി തുടങ്ങിക്കൊും മാനസികവും സാമൂഹികവുമായ അവരുടെ വ്യവസ്ഥിതികൾക്കെതിരായി അവയ്ക്ക് അതീതമായി ഉയരാൻ കഴിവുള്ളവരാണ് (ലാവുദാത്തൊസി, 205)

**3. വിവേചിച്ചറിയൽ എന്ന ദാനം**

ഒരു വ്യക്തി ദൈവത്തോട് സംവദിച്ചുകൊും പരിശുദ്ധാത്മാവിന്റെ ശബ്ദം ശ്രവിച്ചുകൊും ഒരുവന്റെ ജീവിതാവസ്ഥയെക്കുറിച്ചുള്ള തിരഞ്ഞെടുപ്പിൽ തുടങ്ങി, അടിസ്ഥാനപരമായ തെരഞ്ഞെടുപ്പുകൾ നടത്തുന്ന പ്രകിയയാണത്. അനിശ്ചിത സാഹചര്യങ്ങളിലും ആന്തരികശക്തികളുടെ സംഘർഷങ്ങളുടെ മുമ്പിലും തീരുമാനങ്ങളെടുക്കുകയും പ്രവൃത്തികളെ നയിക്കുകയും ചെയ്യുന്നിടത്താണ് വിവേചിച്ചറിയൽ പ്രക്രിയ നടക്കുന്നത്. വിവേചിച്ചറിയൽ എന്ന ശ്രേഷ്ഠമായ പ്രയോഗം സഭയുടെ പാരമ്പര്യത്തിലുള്ളതാണ്. നല്ലതിനെ മോശമായതിൽ നിന്ന് തിരിച്ചറിയുക, പ്രലോഭനങ്ങളെ തിരിച്ചറിഞ്ഞ് ഉപേക്ഷിക്കുക എന്നിവയെല്ലാം വിവേചിച്ചറിയലിലെ വ്യത്യസ്ത രൂപങ്ങളാണ്. സുവിശേഷത്തിന്റെ സന്തോഷം എന്ന അപ്പസ്തോലിക പ്രബോധനത്തിൽ വിവേചിച്ചറിയൽ വിവരിക്കാൻ മൂന്നു വാക്കുകൾ ഉപയോഗിക്കുന്നു്. അവ തിരിച്ചറിയുക, വ്യാഖ്യാനിക്കുക, തിരഞ്ഞെടുക്കുക എന്നിവയാണ്.

യുവജനങ്ങളെ സ്വയം കത്തൊൻ സഹായിക്കണം. അതിന് അവരെ മനസ്സിലാക്കണം. അവരുടെ വൈകാരിക പ്രത്യേകതകൾ തിരിച്ചറിയണം. ദൈവത്തോട് അടുത്തുനിൽക്കുന്ന യുവജനങ്ങളിൽ ദൈവീക കൃപ പ്രകടമാകും. അവർക്കേ ദൈവത്തെപ്പോലെ മറ്റുള്ളവരെ ആകർഷിക്കാനാകൂ. മോശയെപ്പോലെ ദൈവത്തിന്റെ മുഖത്ത് നോക്കിക്കൊ് യാത്രചെയ്യാനും യോഹന്നാൻ ശ്ലീഹായെപ്പോലെ യേശുവിന്റെ മാറിൽ ചാരിക്കിടക്കാനും മഹാപുരോഹിതനായ യേശുവിനെപ്പോലെ ദൈവത്തിന്റെ ഇഷ്ടം നിറവേറ്റാനും തയ്യാറാകുന്നവർക്കു മാത്രമേ

വിവേചിച്ചറിയൽ എന്ന ദാനം പൂർണമായി നേടാൻ പറ്റൂ. ''ദൈവത്തെ കൂടാതെയുള്ള ധാർമ്മികതയ്ക്കു നിലനില്പില്ല'' (ഫുൾട്ടൻ ജെ ഷീൻ). ''ധാർമ്മികതയ്ക്ക് നിലനിൽപ്പുാകണമെങ്കിൽ ഒരു അടിത്തറ വേണം; നന്മ തിന്മകളെ വിലയിരുത്തുന്ന ഒരു ദൈവം'' (ഇമ്മാനുവേൽ കാന്റ്). സമൂഹത്തിലെ ജീർണതകളിൽ അസ്വസ്ഥരാകുന്ന ഇന്നത്തെ യുവജനങ്ങൾക്ക് വ്യക്തമായ ദിശാബോധം നൽകുന്ന മൂന്നു കാര്യങ്ങളാണ് പരിശുദ്ധ ഫ്രാൻസീസ് പാപ്പ നമ്മെ ഓർമപ്പെടുത്തുന്നത്. വിശ്വാസവും വിളിയും വിവേചിച്ചറിയലുമാണവ. ഈ വർഷം എല്ലാ യുവജന ങ്ങളും കെസിവൈഎം അംഗത്വം എടുക്കണമെന്നും ഞാൻ ആഹ്വാനം ചെയ്യുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

സ്നേഹാശംസകളോടെ

റൈറ്റ് റവ. ഡോ. വിൻസന്റ് സാമുവൽ
നെയ്യാറ്റിൻകര രൂപത മെത്രാൻ

N.B. വൈദികർ ഈ സർക്കുലർ 9.7.2017 ഞായറാഴ്ച നമ്മുടെ രൂപതയിലെ എല്ലാ ദൈവാലയങ്ങ ളിലും ദിവ്യബലി സമയത്ത് വായിച്ച് വിശദീകരിക്കുക, കർമ്മ പരിപാടികൾ നടപ്പിലാക്കുക.